പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1499        16.03. 2015- ലെ മറുപടി

**നോർക്കയിൽ നിന്നുള്ള ധനസഹായം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ. എ.അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) വിദേശത്തുവച്ച് അപകടമരണം സംഭവിക്കുന്നവരുടെ കുടുംബത്തിന് നോർക്ക വഴി ലഭിക്കുന്ന ധനസഹായങ്ങൾ എന്തൊക്കെയാണ്; | (എ) വിദേശത്ത് വച്ച് മരണപ്പെടുന്ന പ്രവാസികളുടെ ആശ്രിതർക്ക് സാന്ത്വന പദ്ധതി പ്രകാരം നിബന്ധനകൾക്ക് വിധേയമായി മരണാനന്തര ധനസഹായമായി പരമാവധി 1 ലക്ഷം രൂപയും, നോർക്ക – റൂട്ട്സ് ഏർപ്പെടുത്തിയിട്ടുള്ള പ്രവാസി തിരിച്ചറിയൽ കാർഡ് നേടിയിട്ടുണ്ടെങ്കിൽ അപകട ഇൻഷ്വറൻസ് കവറേജായി 2,00,000/- രൂപയും കുടുംബത്തിന്/ആശ്രിതർക്ക് നൽകിവരുന്നുണ്ട്. കൂടാതെ മരണപ്പെടുന്ന പ്രവാസികളുടെ ഭൗതികദേഹം നാട്ടിലെത്തിക്കുന്നതിനായി സ്പോൺസറോ, ഇന്ത്യൻ എംബസിയോ ചെലവ് വഹിച്ചിട്ടില്ലെങ്കിൽ 'കാരുണ്യം' പദ്ധതി പ്രകാരം നിബന്ധനകൾക്കു വിധേയമായി 50,000/- രൂപയും നൽകി വരുന്നുണ്ട്. |
| (ബി) ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കേണ്ട രീതി വിശദമാക്കാമോ ? | ബി) സാന്ത്വന/കാരുണ്യം ധനസഹായത്തിനായി നിർദ്ദിഷ്ട അപേക്ഷാ ഫോറത്തിൽ താഴെപ്പറയുന്ന രേഖകൾ സഹിതം നോർക്ക – റൂട്ട്സ് റീജണൽ ഓഫീസുകളിലോ, ജില്ലാ സെല്ലുകളിലോ നോർക്കയുടെ സാറ്റലൈറ്റ് ഓഫീസുകളിലോ, ഹെഡ് ഓഫീസിലോ അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br>• പാസ്പോർട്ട്<br>• മരണ സർട്ടിഫിക്കറ്റ് |

- വരുമാന സർട്ടിഫിക്കറ്റ്
- റേഷൻ കാർഡ്
- അപേക്ഷകരുടെ തിരിച്ചറിയൽ കാർഡ്
- അവകാശ സർട്ടിഫിക്കറ്റ്.

മേൽ പരാമർശിച്ച രേഖകൾക്ക പുറമെ കാരുണ്യം പദ്ധതി പ്രകാരമുള്ള ധനസഹായത്തിനായി താഴെപ്പറയുന്ന രേഖകൾ കൂടി സമർപ്പിക്കേണ്ടതാണ്.

- മൃതദേഹം കൊണ്ടുവരുന്നതിനുള്ള യാത്രാചെലവ് സംബന്ധിച്ച രേഖകൾ.
- പ്രസ്തുത ചെലവ് കുടുംബാംഗങ്ങൾ തന്നെ വഹിച്ചുവെന്ന് തെളിയിക്കുന്ന രേഖകൾ.

ഇൻഷുറൻസ് ക്ലെയിമിനായി താഴെപ്പറയുന്ന രേഖകൾ ഉള്ളടക്കം ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

- ക്ലെയിം ഫോറം
- പ്രാഥമിക അന്വേഷണ റിപ്പോർട്ട്
- പോസ്റ്റ്മോർട്ടം റിപ്പോർട്ട്
- പാസ്പോർട്ട്
- മരണ സർട്ടിഫിക്കറ്റ്
- പ്രവാസി തിരിച്ചറിയൽ കാർഡ്
- അവകാശ സർട്ടിഫിക്കറ്റ്.

സെക്ഷൻ ഓഫീസർ